**15 -ാം കേരള നിയമസഭ**

**11 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 5458** **05-07-2024 - ൽ മറുപടിയ്ക്ക്**

**കോട്ടയം നഗരത്തിലെ സ്കൈ വാക്ക് പദ്ധതിയുടെ പൂർത്തീകരണം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ | | ശ്രീ കെ ബി ഗണേഷ് കുമാർ<br>(ഗതാഗത വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാന സർക്കാരിനെതിരെ എ.കെ. ശ്രീകുമാർ സമർപ്പിച്ച ഡബ്ല്യു.പി.(സി)നം. 26078/2022 കേസ്സിൽ സംസ്ഥാന സർക്കാർ ഹൈക്കോടതിയിൽ സ്വീകരിച്ച നിലപാട് വ്യക്തമാക്കാമോ; | (എ) | സർക്കാർ നിലപാട് കോടതിയിൽ അറിയിച്ചിട്ടില്ല. |
| (ബി) | കോട്ടയം നഗരമദ്ധ്യത്തിൽ പൊതുജനങ്ങളുടെ യാത്രാ സൗകര്യത്തിന് വേണ്ടി നിർമ്മാണം തുടങ്ങി പാതിവഴിയിൽ നിർത്തിവെച്ചിരിക്കുന്ന സ്കൈവാക്ക് പദ്ധതി പൂർത്തീകരിക്കുന്നതിന് എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്; വ്യക്തമാക്കാമോ; | (ബി) | സ്കൈവാക്ക് നിർമ്മിക്കാൻ ഭൂമി വിട്ടു നൽകാമെന്ന് സമ്മതിച്ചിരുന്നവരിൽ കോട്ടയംനഗരസഭ ഒഴികെയുള്ള ഭൂവുടമകൾ ഭൂമി വിട്ടുനല്ലാൻ പിന്നീട് വിസ്സമ്മതിച്ചതു മൂലം പദ്ധതി പാതിവഴിയിൽ മുടങ്ങിയതിനു ശേഷം സ്കൈവാക്ക് പദ്ധതി പൂർത്തീകരിക്കുന്നതുൾപ്പെടെയുള്ള കാര്യങ്ങൾ പരിഗണിച്ചു കൊണ്ട് താഴെപ്പറയുന്ന നടപടികൾസ്വീകരിച്ചിട്ടുണ്ട്.<br><br>1) സർക്കാർ ഭൂമിയിൽ മാത്രമായി ഈ പദ്ധതി പൂർത്തിയാക്കാൻ കഴിയുമോ എന്ന് NATPAC നെ കൊണ്ട് 2022-ൽ പഠനം നടത്തി. നിലവിലെ റോഡിന്റെ സ്ഥലം അധികമായി ഉപയോഗിച്ചു കൊണ്ട് മാത്രമേ അങ്ങനെ ചെയ്യാൻ കഴിയൂ എന്നാണ് ടി പഠനത്തിൽ കണ്ടത്. അത് മൂലം റോഡിന്റെ വീതി കുറയുന്നത് സ്ഥലത്ത് കൂടു ൽ ഗതാഗതക്കുരുക്കിന് കാരണമാകുമെന്ന് ജില്ലാ കളക്ടർ റിപ്പോർട്ട് നൽകിയിട്ടുണ്ട്. കൂടാതെ, 6.5 മീറ്റർ ഉയരമുള്ള സ്കൈവാക്കിന് സ്റ്റെയൽകെയ്സിനോടൊപ്പം ലിഫ്റ്റും നിർബന്ധമാണെന്ന നിർദ്ദേശം വന്നു(6 ലിഫ്റ്റും 3 സ്റ്റെയർകേസും. ആയതിന്റെ അടിസ്ഥാനത്തിൽ KITCO തയ്യാറാക്കിയ പുതിയ എസ്റ്റിമേറ്റ് പ്രകാരം സ്കൈവാക്ക് പൂർത്തിയാക്കുന്നതിന് ആകെ 17 കോടി 89 ലക്ഷം രൂപ വേണ്ടിവരും.<br><br>2)സ്കൈ വാക്കിന്റെ എല്ലാ വശങ്ങളെ കുറിച്ച് പഠിക്കുന്നതിന് അഡീഷണൽ ട്രാൻസ്പോർട്ട് കമ്മീഷണറും PWD റോഡ്സ് ചീഫ് എഞ്ചിനീയറും |

| | | | |
|---|---|---|---|
| | | | അംഗങ്ങൾ ആയി ട്ടുള്ള ഒരു വിദഗ്ധ സമിതിയെ നിയമിക്കുകയും ടി സമിതിയുടെ ശുപാർശ പ്രകാരം സ്കൈവാക്കിന്റെ അതുവരെ ചെയ്ത നിർമ്മിതിയുടെ സ്റ്റെബിലിറ്റിയെ കുറിച്ച് (strutural Stability) പഠിക്കുന്നതിന് പാലക്കാട് IIT-യെ ചുമതലപ്പെടുത്തുകയും ചെയ്തു. നിർമ്മാണം തുടരാൻ ആവശ്യമായ ബലം നിലവിലലുള്ള നിർമ്മിതിക്ക് ഇല്ലെന്നും structure ശക്തിപ്പെടുത്തുന്നതിനുള്ള സാധ്യത പരിശോധിക്കേണ്ടതാണെന്നും ഫൗണ്ടേഷൻ അപര്യാപ്തമാണെന്നും സൈസ് കൂട്ടേണ്ടതാ ണെന്നും IIT റിപ്പോർട്ട് ചെയ്തിട്ടുണ്ട്.<br><br>3)സ്കൈവാക്കിന്റെ നിർമ്മാണം തുടരുന്നതിനുള്ള സാധ്യത ആരാഞ്ഞ് കേരള റോഡ് സേഫ്റി അതോറിറ്റി കോട്ടയം ജി ല്ലാ കളക്ടർക്ക് 27-3-2024 ന് കത്ത് നൽകി. കത്തിന്റെ മറുപടിയിൽ ഭൂമി ഏറ്റെടുക്കാതെ നിർമ്മാണം തുടരാൻ കഴിയില്ലെന്നും സ്വമേധയാ ഭൂമി വിട്ടു കിട്ടില്ലെന്നും കളക്ടർ റിപ്പോർട്ട് നൽകിയിട്ടുണ്ട്. അതിനിടെ, സ്കൈവാക്ക് നിർമാണത്തിൽ ക്രമക്കേടുണ്ടെന്ന പരാതിയിൽ വിജിലൻസ് ആൻഡ് ആന്റി കറപ്ഷൻ ബ്യൂറോ അന്വേഷണം നടത്തുകയും സർക്കാർ ഭരണാനുമതി നൽകിയ DPR ൽ നിന്ന് KRSA യുടെയോ സർക്കാരിന്റെയോ അനുമതി ഇല്ലാതെ വ്യതിയാനങ്ങൾ വരുത്തിക്കൊണ്ടാണ് KITCO നിർമ്മാണം നടത്തിയതെന്നതുൾപ്പെടെയുള്ള ക്രമക്കേടുകൾ വിജിലൻസ് റിപ്പോർട്ടിൽ ചൂണ്ടിക്കാണികയും ചെയ്തിട്ടുണ്ട് |
| (സി) | സ്കൈവാക്ക് പദ്ധതി എത്ര നാൾ കൊണ്ട് പൂർത്തീകരിക്കാൻ സാധിക്കും എന്ന് വ്യക്തമാക്കാമോ? | (സി) | സ്കൈവാക്കിന്റെ നിർമ്മാണ പ്രവർത്തങ്ങൾ തുടരാൻ കഴിയാത്ത സാഹചര്യമാണ് നിലവിലുള്ളത് |

സെക്ഷൻ ഓഫീസർ